# വെള്ളയടിച്ച കുഴിമാടങ്ങളെ.....!
# നിങ്ങൾക്കു ഹാ കഷ്ടം.

**ടി. സുധീഷ്**

**? കേരളത്തിൽ സജീവമായി ചർച്ചചെയ്യപ്പെട്ട ഒരു പുസ്തകമാണ് സിസ്റ്ററുടെ ആത്മകഥയായ 'ആമേൻ' ഇരുപതോളം പതിപ്പുകൾ പുറത്തിറങ്ങി. എന്താണ് ഇങ്ങനെ ഒരു പുസ്തം എഴുതാൻ കാരണം? ഈ പുസ്തകത്തിന് കിട്ടിയ അംഗീകാരം സിസ്റ്ററുടെ നിലപാടിന് കിട്ടിയ അംഗീകാരമായി കരുതുന്നുണ്ടോ?**

ഇല്ല. ഇത് ഒരു ആകാംക്ഷയുടെ പുറത്തുള്ള വായനയാണ്. ഇന്നുവരെ തുറക്കാത്ത ഒരു മുറിയുടെ വാതിൽ തുറന്നാൽ എല്ലാവരും എത്തിനോക്കില്ലേ. അതുപോലെയാണിത്. ആദ്യമായിട്ട് തുറക്കുമ്പോൾ ഇതിനോട് താല്പര്യം ഉള്ളവരും ഇല്ലാത്തവരും ഒക്കെ എത്തിനോക്കും. അത് മനുഷ്യന്റെ ആകാംക്ഷയാണ്. പിന്നെ, പുസ്തകം ചവറായിരുന്നെങ്കിൽ പിന്നീട് ആൾക്കാർ വായിക്കില്ല. ഒന്നിനും കൊള്ളില്ലെന്ന സന്ദേശം പെട്ടെന്ന് പരക്കും. ആമേനിൽ എന്റെ ആത്മാർത്ഥത, എന്റെ കണ്ണുനീർ, ദൈവത്തിലുള്ള എന്റെ വിശ്വാസം, ചില അത്ഭുതങ്ങൾ, എന്റെ നിഷ്കളങ്കത എല്ലാം കാണാം. ഒരു വാക്കുപോലും ഞാൻ അതിശയോക്തി കലർത്തി എഴുതിയിട്ടില്ല. പുസ്തകത്തിന്റെ ഉള്ളിലേക്ക് കടക്കാൻ ആകാംക്ഷയാണെങ്കിലും കടന്നപ്പോൾ കണ്ട ആ വിശ്വസ്തത, ധൈര്യം അത് ജനം വിശ്വസിച്ചു. ഒരു സ്ത്രീ ഇത്രയും തുറന്ന് പറയാനുള്ള ധൈര്യം കാണിച്ചതിനെ, അതും ചർച്ചിനെപോലുള്ള ഒരു വലിയ സ്ഥാപനത്തെ വെല്ലുവിളിച്ചതിനെ പലരും അതിശയത്തോടെ കണ്ടു. You are a brave lady എന്ന് വിദേശികൾ കൂടി പറഞ്ഞപ്പോൾ ഞാനും അതിശയപ്പെട്ടു. കാരണം നമ്മൾ ധരിച്ചത് അവരാണ് ധൈര്യശാലികൾ എന്നായിരുന്നു. ഞാൻ എന്താ ചെയ്തത്, വേദന വന്നപ്പോൾ അങ്ങ് നിലവിളിച്ചു. അത് ആരാ കേൾക്കുക എന്നൊന്നും ചിന്തിച്ചില്ല. ആരെങ്കിലും ആക്രമിക്കാൻ വരുമ്പോൾ ജീവൻ രക്ഷിക്കാനുള്ള ഓട്ടത്തിന് നിങ്ങൾ എനിക്ക് ഏറ്റവും നല്ല ഓട്ടത്തിനുള്ള സമ്മാനം തന്നാൽ എങ്ങനെയിരിക്കും, അതുപോലെയാണിത്. അതുകൊണ്ടു തന്നെ എന്റെ നിലപാടിനുള്ള അംഗീകാരമാണ് ഇത് എന്നു കരുതുന്നില്ല. എന്നാൽ ഇത് കുറേ സ്ത്രീകൾക്ക് ശക്തി പകർന്നു. ഞാൻ ഒരു സാധാരണ സ്ത്രീയാണ്. എന്നാൽ എപ്പോഴും എനിക്ക് തീ ആകാൻ സാധിക്കും. ഞാൻ പറയും സ്ത്രീ കനലാകണം. കനൽ പാകത്തിൽ എപ്പോഴും ഇരിക്കണം. ചാരമാകരുത്. ചാരമാക്കാനാണ് സമൂഹം ശ്രമിക്കുക. കനലായിരുന്നാൽ എപ്പോ വേണമെങ്കിലും തീ ആകാം.

പിന്നെ ആമേൻ എഴുതാനിടയായ സാഹചര്യത്തെക്കുറിച്ച്. അത് ദൈവത്തിന്റെ കയ്യൊപ്പിട്ട പുസ്തകമാണെന്ന് ഞാൻ പറയും. എന്നെക്കൊണ്ട് ഈശോ എഴുതിച്ചതാണത്. ഇപ്പോ എന്നോട് എഴുതാൻ പറഞ്ഞാൽ എനിക്ക് എഴുതാൻ സാധിച്ചു എന്ന് വരില്ല. ഞാൻ അനുഭവിച്ച വേദന, മഠത്തിനുള്ളിൽ വെച്ചുണ്ടായ പീഡനങ്ങൾ, അവിടെ നടക്കുന്ന യഥാർത്ഥ ജീവിതം ഇതെല്ലാം പുറംലോകം അറിയണമെന്ന് എനിക്കുതോന്നി. ദൈവം എന്നെ മഠത്തിനകത്തേക്ക് കൂട്ടിക്കൊണ്ടുപോയി 33 വർഷം ടോർച്ചടിച്ച് ആ ഇരുളടഞ്ഞ ലോകത്തെ ഒരു വിധമെല്ലാം കാട്ടിത്തന്നു. എന്നിട്ട് പുറത്തുകൊണ്ടുവന്നു. എന്നെക്കൊണ്ട് എഴുതിക്കുകയും പ്രസംഗിപ്പിക്കുകയും ചെയ്തു. ഞാൻ ഈശോ എന്നുദ്ദേശിക്കുന്നത് ദൈവം എന്ന അർത്ഥത്തിലാണ്. അല്ലാതെ ഏതെങ്കിലും മതത്തിന്റെ ആളായിട്ടല്ല. എനിക്ക് ഇന്ന് മതം ഇല്ല. ഞാൻ പള്ളിയിൽ പോകാറില്ല. കുർബാനയോ കൊന്തയോ ചൊല്ലാറില്ല. ഒരു പ്രാർത്ഥന പോലും ഇപ്പോൾ ചൊല്ലാറില്ല. എന്തുമാത്രം പ്രാർത്ഥന ചൊല്ലിക്കൂട്ടിയതാണ് ഞാൻ. ഇപ്പോൾ രാവിലെ സൗകര്യപൂർവ്വം എഴുന്നേൽക്കും. ചിലപ്പോൾ ഈശോവിനെ നോക്കി ഒരു ഉമ്മകൊടുക്കും. ചിലപ്പോൾ ഒരു നന്ദി പറയും. ഇന്നലത്തെ ഉറക്കം നന്നായതിനും ഇന്നലെ ഒരു നല്ല ദിവസമൊരുക്കിയതിനും. ഇന്ന് എന്റെ ജീവിതം തന്നെ ഒരു പ്രാർത്ഥനയാണ്. അപ്പോൾ പ്രത്യേകം ഒരു പ്രാർത്ഥന ചൊല്ലേണ്ട ആവശ്യമില്ല. കന്യാസ്ത്രീമഠത്തിൽ എനിക്ക് ഇത് പറ്റിയിട്ടില്ല. ഇപ്പോൾ എന്റെ ചിറക് വിടർന്നു. എനിക്ക് പറക്കാൻ പറ്റും. മുമ്പ് ചിറക് ഉണ്ടായിരുന്നില്ല. ചിറകരിയുകയാണ് സഭ ചെയ്തത്. കഴിവുള്ള നിരവധിപേർ സഭയിലുണ്ട്. എന്നാൽ അവരെയെല്ലാം ചിറകരിഞ്ഞ് ചിറകരിഞ്ഞ് നിർത്തുകയാണ്. പണമുണ്ടാക്കാൻ വേണ്ടി. എനിക്ക് സഭയോട് പറയാനുള്ളത് ദയവുചെയ്ത് ചിറകുള്ളവരെ പറക്കാൻ അനുവദിക്കൂ എന്നാണ്.

**? തന്റെ ചിറകരിഞ്ഞ പൗരോഹിത്യത്തേയും സഭാ നിയമങ്ങളേയും വെല്ലുവിളിച്ചുകൊണ്ട് കാറ്റും വെളിച്ചവുമുള്ള സ്വതന്ത്രലോകത്തേക്ക് കടന്നുവന്ന സിസ്റ്റർക്ക് പുറകോട്ടേക്കു നോക്കുമ്പോൾ എന്തു തോന്നുന്നു?**

എനിക്ക് വളരെയധികം സന്തോഷവും ആശ്വാസവും സമാധാനവും തോന്നുന്നുണ്ട്. ഞാൻ ഇപ്പോൾ സ്വർഗ്ഗത്തിലാണ്. ഞാൻ എപ്പോഴും ആലോചിക്കും; സമാധാനം, സ്വസ്ഥത, തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം എന്നിവ ഒരു സ്ത്രീക്ക് കിട്ടിയാൽ അതിനപ്പുറം ഒന്നും നിങ്ങൾ അവർക്ക് കൊടുക്കാനില്ല. പുരുഷന്മാർ സ്ത്രീക്ക് കൊടുക്കാത്തതും അതാണ്. അതിരുകളില്ലാത്ത സ്വാതന്ത്ര്യം എന്റെ ഭാഷയിൽ പറഞ്ഞാൽ തേൻവരിക്ക കിട്ടിയതുപോലെയാണ്. സൂര്യ ചാനലിലെ മലയാളം ഹൗസിലേക്ക് എന്നെ വിളിച്ചിരുന്നു. ആദ്യം ഞാൻ സമ്മതിച്ചെങ്കിലും പിന്നെ ചിന്തിച്ചു. ആറു ദിവസത്തെ എന്റെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തി ലക്ഷ

ങ്ങൾ നേടിയാലും അതിനുപകരമാവില്ല.

ഞാൻ 17-ാം വയസ്സിൽ മഠത്തിൽ കയറി 52-ാം വയസ്സിൽ പുറത്തിറങ്ങി. നീണ്ട 33 വർഷം. ഇതു മുഴുവൻ പാഴായിപ്പോയി എന്നു ഞാൻ കരുതുന്നില്ല. നിരവധി കഴിവുകൾ ആർജിച്ചെടുക്കാൻ എനിക്ക് സാധിച്ചു. പ്രിൻസിപ്പാൾ പോസ്റ്റിൽ വരെ എത്തി. ചിലപ്പോൾ 24 മണിക്കൂറും അവിടെ ജോലിയായിരിക്കും. എതിർക്കാത്തതുകൊണ്ട് എല്ലാ ഉത്തരവാദിത്വങ്ങളും എന്റെ തലയിൽ വന്നു വീഴും, അതുകൊണ്ടുതന്നെ എന്റെ കാര്യക്ഷമത വർധിച്ചു. ഞാൻ അതിനെ പോസിറ്റീവായിട്ട് കാണുന്നു. എന്നാൽ ഒരു യന്ത്രത്തിന്റെ ഭാഗമായി മാത്രമേ അവിടെ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. സ്വന്തം തീരുമാനമെടുത്ത് ഒന്നും ചെയ്യാൻ സാധിക്കില്ല. സേവനം പോലും. ഒരു തരത്തിൽ പറഞ്ഞാൽ ഇരുളടഞ്ഞ ഗുഹയിലേതുപോലെയായിരുന്നു അവിടുത്തെ ജീവിതം. എല്ലാ നന്മകളും നഷ്ടപ്പെട്ട്, സർഗ്ഗാത്മകത മുഴുവൻ മുരടിച്ചു പോയ ഒരു ലോകം.

**?മഠത്തിനുള്ളിലെ സിസ്റ്റർമാരുടെ കുശുമ്പും കുന്നായ്മയും പരസ്പരം പാരവെയ്പും 'പ്രത്യേക സ്നേഹവും' മാത്രമാണോ മഠം വിടാൻ പ്രേരിപ്പിച്ചത്? അതോ ഭ്രാന്തി എന്ന് മുദ്ര കുത്തി ചികിത്സിക്കാനുള്ള ശ്രമമോ? ആശയപരമായി എന്തെങ്കിലും അഭിപ്രായ വ്യത്യസം ഉണ്ടായിട്ടുണ്ടോ?**

പെട്ടെന്ന് ഇറങ്ങാനുള്ള കാരണം ഭ്രാന്തി എന്ന് മുദ്രകുത്തി ചികിത്സിക്കാനുള്ള ശ്രമം തന്നെയായിരുന്നു. മഠത്തിലെ പല തോന്ന്യവാസങ്ങളും മേലധികാരികളുടെ ചില അനാവശ്യ ചെയ്തികളും ചോദ്യം ചെയ്തതിനാണ് അവർ എന്നെ ഭ്രാന്തി എന്ന് മുദ്ര കുത്തി ചികിത്സിക്കാൻ ഏർപ്പാടുചെയ്തത്. അതിനുമുമ്പെ തന്നെ ഇവിടുത്തെ സംവിധാനങ്ങളോട് എനിക്ക് വൈമനസ്യം തോന്നിത്തുടങ്ങിയിരുന്നു.

ആദ്യകാലത്ത് ഞാൻ ചില കാര്യങ്ങളെ എതിർക്കുമ്പോൾ അച്ചന്മാർ വന്ന് എന്നെ ചോദ്യം ചെയ്യുകയും നിരീക്ഷിക്കുകയുമൊക്കെ ചെയ്തിട്ടുണ്ട്. വല്ല ലിബറേഷൻ തിയോളജിയുടെ ഭാഗമായിട്ടാണോ എന്റെ പ്രവൃത്തി എന്നറിയാൻ. ജീസസിനെയും ബൈബിളിനെയും അടിസ്ഥാനപ്പെടുത്തിയോ അതിന് മുൻതൂക്കം കൊടുത്തോ ഉള്ള ജീവിതമല്ല ഇന്ന് മഠത്തിലേത്. ഇതാണ് കാതലായ പ്രശ്നം. ഞങ്ങൾ എന്തിനാണ് ഒരുമിച്ചുകൂടിയത്? കൂടുതൽ നന്മചെയ്യാൻ. കൂടുതൽ സ്വതന്ത്രയാവാൻ. ഞങ്ങൾക്ക് കെട്ടുപാടുകളില്ല. ഭർത്താവിനോട് അനുവാദം ചോദിക്കേണ്ട. മറ്റ് വിലക്കുകളൊന്നുമുണ്ടാകില്ല. മദറിനോട് മാത്രം അനുവാദം ചോദിച്ചാൽ മതിയാകും. അവർ നന്മയുടെ കേദാരമായിരിക്കും. ഇങ്ങനെയൊക്കെ ചിന്തിച്ചാണ് ഇതിലേക്ക് കടന്നുവന്നത്. എന്നാൽ എന്താണ് യാഥാർത്ഥ്യം? പ്രതീക്ഷിച്ചതിൽ നിന്നും നേരെ വിരുദ്ധമായാണ് കാര്യങ്ങൾ നടക്കുന്നത്. തിന്മയുടെ കേദാരമായി കന്യാസ്ത്രീമഠങ്ങളും അച്ചൻമാരുടെ സെമിനാരിയും മാറിയിരിക്കുന്നു. ഞങ്ങളൊക്കെ ക്രിസ്തുവിന്റെ മണവാട്ടികളാണെന്നാണ് സങ്കല്പം. നൂറുകണക്കിന് ഭാര്യമാരുള്ള ഒരാൾ മരിച്ചുപോയാൽ പിന്നെ അവിടെ എന്തായിരിക്കും അവസ്ഥ എന്ന് സങ്കൽപിച്ചു നോക്കൂ. യഥാർത്ഥ നരകം തന്നെയായിരിക്കും. ഇതാണ് ഇന്ന് മഠത്തിൽ നടക്കുന്നത്. മഠങ്ങളിൽ നിന്ന് ജീസസ് എപ്പൊഴോ ഇറങ്ങിപ്പോയി. സഹിക്കാൻ പറ്റാതെയാണ് പോയത്. അവർ എന്നോ ബൈബിളിനെ ഉപേക്ഷിച്ചിരിക്കുന്നു. അരാജകത്വമാണ് ഇപ്പോൾ അവിടെ നടമാടുന്നത്. ഞാൻ നന്മ ചെയ്യാൻ ആഗ്രഹിച്ചാണ് അവിടെ ചെന്നത്. പക്ഷെ അതിനു പറ്റാത്ത സാഹചര്യമാണ്. ഞാൻ ഇതുവരെ വെളിപ്പെടുത്താത ഒരു സംഭവം പറയാം. സത്യത്തിന്റെ വക്താക്കളാകേണ്ട ഞങ്ങൾ കോഴകൊടുത്ത് കാര്യം നേടിയ പല സംഭവങ്ങളിൽ ഒന്ന്. ഞാൻ സെന്റ് മേരീസ് കോളേജിൽ പ്രിൻസിപ്പാൾ ആയിരിക്കുമ്പോൾ നടന്ന സംഭവം. കൊച്ചിരാജാവ് പാട്ടത്തിനു തന്ന ഏക്കറു കണക്കിന് സ്ഥലം കൈക്കലാക്കാൻ ഉദ്യോഗസ്ഥർക്ക് കൈക്കൂലി കൊടുക്കേണ്ടി വന്നിട്ടുണ്ട്. മുൻ യു.ഡി.എഫ് മന്ത്രിസഭയുടെ കാലത്താണ്. ഉന്നതങ്ങളിൽ സ്വാധീനം ചെലുത്തിയതിന്റെ ഫലമായി മന്ത്രി കെ.എം. മാണിയും വകുപ്പ് സെക്രട്ടറിയാണെന്നു തോന്നുന്നു, അൻഫോൻസ് കണ്ണന്താനവും ഞങ്ങൾക്ക് ഈ സ്ഥലം എഴുതിത്തരാൻ തീരുമാനിച്ചു. എന്നാൽ ഇവിടുത്തെ കലക്ടറും കൂട്ടരും തടസ്സം നിന്നു. കാരണം കോടിക്കണക്കിന് രൂപ വിലവരുന്ന ഇത്രയും ഏക്കർ സ്ഥലം ഞങ്ങൾക്ക് വെറുതെ വിട്ടുതരേണ്ട ഒരാവശ്യവുമില്ലല്ലോ. തൊട്ടടുത്ത് ഒരു ക്ഷേത്രക്കുളമുണ്ടായിരുന്നു. അവരുമായി വലിയ പ്രശ്നമായി. ഞങ്ങൾക്ക് വധഭീഷണിയൊക്കെ വന്നു. നിവൃത്തിയില്ലാതായപ്പോൾ ഞങ്ങൾക്ക് പാട്ടത്തിന് കിട്ടിയ സ്ഥലത്തു നിന്ന് കുറച്ചുസ്ഥലം ഒരു ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം അവർക്ക് കൊടുക്കേണ്ടിവന്നു. എന്നാൽ നിയമപ്രകാരം അതിനു ഞങ്ങൾക്ക് അവകാശമില്ല. പാട്ടത്തിന് തന്ന സ്ഥലം മുഴുവൻ സർക്കാരിന് വിട്ടുകൊടുക്കണം എന്ന ഉത്തരവ് വന്നാൽ ഞങ്ങൾ കുടുങ്ങും. അതുകൊണ്ട് ഞങ്ങൾക്ക് ഇത്ര മാത്രമേ കിട്ടിയുള്ളൂ എന്ന് റീസർവേ നടത്തി കള്ളരേഖ തയ്യാറാക്കണം. അതിനു വേണ്ടിയാണ് കൈക്കൂലി കൊടുത്തത്. മടികൂടാതെ കൈക്കൂലി ചോദിച്ച ക്രിസ്ത്യാനിയായ ഉദ്യോഗസ്ഥനോട് ഞാൻ ചോദിച്ചു, "നിങ്ങൾ ഒരു ക്രിസ്ത്യാനിയല്ലേ, എന്നിട്ട് എന്തേ ഇങ്ങനെ കൈക്കൂലി ചോദിക്കുന്നേ" അപ്പോൾ അയാൾ പറഞ്ഞു, "ഞങ്ങൾ തെറ്റാണ് ചെയ്യുന്നത്. അതിനു ഞങ്ങൾക്ക് കാശുകിട്ടണം. പിന്നെ നിങ്ങൾ എഴു

തുന്ന കള്ളക്കണക്കുകളെക്കുറിച്ച് എനിക്കു നന്നായി അറിയാം." അയാൾ ഞങ്ങളുടെ ഒന്നു രണ്ടു കള്ളക്കണക്കുകൾ ചൂണ്ടികാട്ടിയപ്പോൾ ആർക്കും മിണ്ടാട്ടമില്ലാതെയായി. ഞങ്ങളുടെ മേലധികാരികളെ ഈ വിവരം അറിയിച്ചപ്പോൾ അവർ പറഞ്ഞത് എന്താണോ വേണ്ടത് അതുപോലെ ചെയ്തോളൂ എന്നാണ്. പണമായിട്ടല്ല, സ്വർണ്ണമായിട്ടാണ് കൈക്കൂലി കൊടുത്തത്. ജോസ്കോയിൽ നിന്നാണ് സ്വർണ്ണം വാങ്ങിയത്. കോഴ കൊടുക്കരുത് എന്ന് എഴുതിയ ബോർഡിന്റെ മുന്നിലിരുന്നാണ് ഇത് കൊടുത്തത്. എനിക്ക് കുറ്റബോധം തോന്നി. അതിൽ ഞാനും കുറ്റിക്കാരിയാണ്. ഇത് ഞാൻ ആമേനിൽ എഴുതിയിട്ടില്ല. എഴുതിയാൽ ചിലപ്പോൾ മേലധികാരികളടക്കം പിടിക്കപ്പെടും. മഠത്തിന്റെയും സഭയുടേയും അടിത്തറ തന്നെ ഇളകിയേക്കും. എന്നെക്കാൾ കൂടുതൽ രഹസ്യങ്ങളറിയുന്ന ലേഖ എന്ന സിസ്റ്ററുണ്ട്. മേലധികാരികൾ ഞങ്ങളെക്കുറിച്ച് പറഞ്ഞത്, ജെസ്മിപോയാൽ ചില സത്യങ്ങൾ വിളിച്ചു പറയും എന്നേ ഉള്ളൂ. ലേഖ പോയാൽ ചിലപ്പോൾ നമ്മുടെ അടിത്തറ തന്നെ ഇളകും എന്നാണ്. ഞാൻ ഇതു പറയുന്നത് കാര്യലാഭത്തിനായി എന്തു ദുഷ്പ്രവൃത്തികൾ നടത്താനും സഭയ്ക്ക് മടിയില്ലെന്ന് കാണിക്കാനാണ്. ഞങ്ങൾ അവിടെ കൊടുത്തത് ഞങ്ങളുടെ വിലപ്പെട്ട ജീവിതമാണ്. വേണ്ടുവോളം കഴിവും ആവശ്യത്തിന് വിദ്യാഭ്യാസവും സൗന്ദര്യവും നല്ല തറവാട്ടു മഹിമയുമുണ്ട്. ഇതൊക്കെ അവിടെ കൊണ്ട് അടിയറവെച്ചത് ആയിരം നന്മകൾ ചെയ്യാനാണ്. എന്നാൽ അവിടെ സാധാരണ ഒരു മനുഷ്യൻ ചെയ്യുന്ന നന്മ പോലും ചെയ്യാൻ സാധിക്കുന്നില്ല എന്നുവച്ചാൽ എന്തുചെയ്യും? ഇങ്ങനെയൊന്നും ചിന്തിക്കാതെ വെറും ആട്ടിൻകുട്ടിയെപോലെ ജീവിക്കുന്നവരാണ് അവിടെ ഉള്ളത്. അവർ മൂഢ സ്വർഗ്ഗത്തിലാണ്. അവിടെ ഉള്ളവരിൽ ബഹുഭൂരിപക്ഷം പേരും എല്ലാം സഹിച്ചും പീഡനങ്ങൾ ഏറ്റുവാങ്ങിയുമാണ് ജീവിക്കുന്നത്. ഞാൻ ഇറങ്ങി വന്നിട്ടും ഒരാളും കൂടെ ഇറങ്ങിവരാതിരിക്കാൻ കാരണം ഭയവും അടിമ മനഃസ്ഥിതിയും കൊണ്ടാണ്. എന്നെക്കുറിച്ച് വേശ്യയെന്നും ഭ്രാന്തിയെന്നുമൊക്കെയാണ് പ്രചരിപ്പിക്കുന്നത്. ഇറങ്ങിവന്നാൽ എങ്ങനെ ജീവിക്കുമെന്ന പേടി. അപവാദ പ്രചരണം സഹിക്കണം, കുടുംബത്തിന് മാനക്കേടുണ്ടാകും. എന്നൊക്കെയുള്ള ചിന്തയാണ് പലരേയും ഇതിൽ നിന്ന് പിന്തിരിപ്പിക്കുന്നത്.

എന്നെ മെന്റൽ ഹോസ്പിറ്റലിലേക്ക് കൊണ്ടുപോകാൻ ശ്രമിക്കുന്നതായി ഞാൻ അറിഞ്ഞു. കൂടാതെ പോട്ടയിലേക്കും കൊണ്ടുപോകാൻ ശ്രമിച്ചു. അവിടെ എന്ത് നടക്കുന്നു എന്ന് എനിക്ക് നല്ല വണ്ണം അറിയാം. ഭയാനകമാണ് അത് പോട്ടയിൽ കൊണ്ടുപോയിരുന്നെങ്കിൽ പിന്നെ ഞാൻ പുറം ലോകം കാണില്ലായിരുന്നു. മരിച്ച് ജീവിക്കുമായിരുന്നു. മരണംവരെ സുബോധത്തോടുകൂടി നന്മ ചെയ്യാനുള്ള അനുഗ്രഹം തരണേ എന്നാണ് എന്റെ പ്രാർത്ഥന. അതുകൊണ്ട് സഹിക്കാൻ പറ്റാതെ മഠത്തിൽ നിന്നും ഇറങ്ങി പോരുകയായിരുന്നു.

**? ബ്രഹ്മചര്യം നടപ്പിലാക്കുക എന്നത് കഠിനമായ പ്രവൃത്തിയാണെന്ന് ആമേനിൽ പറയുന്നു. ബഹുഭൂരിപക്ഷം പേരും പ്രത്യക്ഷമായോ പരോക്ഷമായോ ഇത് ലംഘിക്കുന്നവരാണ്. വൈദികരുടെ അസാൻമാർഗ്ഗിക പ്രവൃത്തിക്ക് പിഴയൊടുക്കിത്തന്നെ കത്തോലിക്കാസഭയുടെ സ്വത്ത് മുഴുവൻ തീർന്നു പോകും എന്ന് പറയാറുണ്ട്. ഇവരുടെ ലൈംഗിക പീഡനത്തിന് ഇരയായവരോട് നിരന്തരം ക്ഷമ ചോദിച്ചുകൊണ്ടിരിക്കുകയാണ് പോപ്പ്. ഇങ്ങനെയൊരു സാഹചര്യത്തിൽ വിവാഹം കഴിച്ചുകൊണ്ടുള്ള പൗരോഹിത്യത്തെ പ്രോത്സാഹിപ്പിക്കുകയോ സഭാചട്ടങ്ങൾ പരിഷ്കരിക്കുകയോ ചെയ്യേണ്ടത് ആവശ്യമല്ലേ?**

എനിക്ക് മാർപാപ്പയോട് ഉന്നയിക്കാനുള്ള രണ്ട് ആവശ്യങ്ങളിൽ ഒന്ന് വൈദികരേയും കന്യാസ്ത്രീകളേയും വിവാഹം കഴിക്കാനനുവദിക്കുക എന്നതാണ്. രണ്ടാമത്തേത് മൂന്നാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടുക എന്നതും.

ഇന്ന് കന്യാസ്ത്രീകളും വൈദികരും സദാചാരപരമായി ഏറ്റവും മോശമായാണ് ജീവിക്കുന്നത്. ഞങ്ങളുടെ ഇടയിൽ പറയാറുണ്ട് പുരുഷന്മാരായി ജനിക്കുകയാണെങ്കിൽ വൈദികരായി ജീവിക്കണം എന്ന്. അസാൻമ്മാർഗ്ഗിക ജീവിതമാണ് ഇതിൽ ഭൂരിപക്ഷം പേരും നയിക്കുന്നത്. Varaity with no responsibility. വ്യത്യസ്തരായ സ്ത്രീകൾ, എന്നാൽ ഒരു ഉത്തരവാദിത്തവും ഏൽക്കുകയും വേണ്ട. ഭർത്താവ് നാട്ടിൽ ഇല്ലാത്തതും ഉള്ളതുമായി ഏത് തരത്തിലുള്ള പെണ്ണിനേയും കിട്ടും. അഥവാ അവൾ ഗർഭിണിയായാൽ ഭർത്താവിന്റെ കുട്ടിയായി പ്രസവിച്ചു കൊള്ളും. അച്ഛന് ഒരു കുഴപ്പവും വരില്ല. പോരെങ്കിൽ കന്യാസ്ത്രീകൾ വേറെയും. കന്യാസ്ത്രീ മഠത്തിൽ സ്വവർഗ്ഗരതി വ്യാപകമാണ്. ഇതിന്റെ പേരിൽ അക്രമവും കൊലപാതകവും വരെ നടക്കുന്നു. ഞങ്ങൾ മഠത്തിൽ ഇത്തരം സ്വവർഗ്ഗരതിയെ 'പ്രത്യേകസ്നേഹം' എന്നാണ് വിളിക്കാറുള്ളത്. ഈ അടുത്തകാലത്ത് പത്രങ്ങളിൽ വാർത്തയായി വന്ന കന്യാസ്ത്രീ മഠങ്ങളിൽ നടന്ന പല സംഭവങ്ങളുടേയും പിന്നിൽ സ്വവർഗ്ഗരതിയും അതിനോടനുബന്ധമായ പ്രശ്നങ്ങളുമാണ്. തിളച്ച വെളിച്ചണ്ണ എടുത്തൊഴിക്കുക എന്നൊക്കെ പറഞ്ഞാൽ. കഴിഞ്ഞ ദിവസം മാർപാപ്പ പറഞ്ഞു, രണ്ട് ശതമാനം പുരോഹിതർ കുട്ടികളെ പീഡിപ്പിക്കുന്നവരാണെന്ന്. എന്താ അതിനർത്ഥം? അമ്പതു പേരിൽ ഒരാൾ പീഢിപ്പിക്കുന്നവരാണെന്ന്. പെണ്ണുങ്ങളെ പിടിക്കൽ

പോകട്ടെ. കുട്ടികളേയും അൾത്താരബാനമാരെയുമാണ് പീഡിപ്പിക്കുന്നത്. അതാണ് സങ്കടം. ആലോചിച്ചു നോക്കൂ എത്ര വലിയ സംഖ്യയായെന്ന്, ലക്ഷക്കണക്കിന് വൈദികരുണ്ട് സഭയിൽ. കേരളത്തിൽ മാത്രം 35000 കന്യാസ്ത്രീകൾ ഉണ്ടെന്നാണ് ഇതിനിടെ മാർപവ്വത്തിൽ പിതാവ് പറഞ്ഞത്.

എത്രകൊല്ലമായി പോപ്പ് ക്ഷമ ചോദിക്കാൻ തുടങ്ങിയിട്ട്. കഴിഞ്ഞ മാർപാപ്പയുടെ 'മഹാത്യാഗം' ഉണ്ടായില്ലേ. എപ്പൊഴാ ഈ 'സ്ഥാനത്യാഗം' ഉണ്ടായേ? അയാളെ ജയിലിൽ പിടിച്ചിടും എന്ന ഘട്ടം വന്നപ്പോഴാണ് ത്യാഗം ഉണ്ടായത്. ഇതിനെയൊക്കെ ഈ മാർപാപ്പ അപലപിക്കുന്നത് എന്തുകൊണ്ടാ? അല്ലെങ്കിൽ നാളെ ഈ മാർപാപ്പയുടെ പേരിലാണ് പല കേസുകളും വരിക. വ്യക്തി മാറിയതു കൊണ്ട് പലതും തൽക്കാലം ഒതുങ്ങി. എന്നിട്ടും ബ്രഹ്മചര്യം ബ്രഹ്മചര്യം എന്നു പറഞ്ഞിരിക്കുന്നതിൽ എന്താ അർത്ഥം?

പുതിയ മാർപാപ്പ പുരോഗമന ചിന്താഗതിക്കാരനാണ്. അദ്ദേഹം മൂന്നാം വത്തിക്കാൻ കൗൺസിൽ വിളിച്ചു കൂട്ടട്ടെ. രണ്ടാം വത്തിക്കാൻ കൗൺസിലിലാണ് മതത്തിൽ കുറച്ച് മാറ്റം വന്നത്. ജനലുകൾ തുറന്നിടൂ എന്ന ആഹ്വാനം അതിലാണ് ഉണ്ടായത്. കുറേ അച്ചൻമാരും സിസ്റ്റമാരും സഭ വിട്ട് പോയി. കാറ്റും വെളിച്ചവും കടക്കുമ്പോൾ പോകുന്നതെല്ലാം പോകട്ടെ. അന്ന് നിൽക്കാനുള്ളവർ നിന്നു. 21-ാം നൂറ്റാണ്ടിൽ കാര്യങ്ങൾ പുനർവ്യാഖ്യാനം ചെയ്യണം. വിവാഹത്തെക്കുറിച്ച് ആലോചിക്കാം എന്നു പറഞ്ഞിട്ടുണ്ട്. ഇന്നുവരെ ഒരു മാർപ്പാപ്പയും പറയാത്ത വാക്ക്. അത്രയെങ്കിലുമാകട്ടെ.

**? പുതിയമാർപ്പാപ്പയെ സിസ്റ്റർ തീർത്തും അംഗീകരിക്കുന്നു. എന്നു കരുതട്ടെ?**

എനിക്ക് പുതിയ മാർപാപ്പയോട് ഒരു അഭിപ്രായ വ്യത്യാസമുള്ളത്, അദ്ദേഹം ആൾക്കാരെ നിരത്തിപ്പിടിച്ച് വിശുദ്ധരാക്കിക്കൊണ്ടിരിക്കുന്നതിലാണ്. അച്ചടിച്ച് അച്ചടിച്ച് വിശുദ്ധരെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഈ അടുത്തിടെ കേരളത്തിൽ നിന്ന് രണ്ടു പേരെ വിശുദ്ധരാക്കി. ചാവറയച്ചനേയും എവുപ്രാസു അമ്മയേയും. എന്റെ അമ്മ ഫോണിൽ വിളിച്ച് ഈ വിവരം അഭിമാനത്തോടുകൂടി പറഞ്ഞപ്പോൾ ഞാൻ അമ്മയോട് തിരിച്ചു പറഞ്ഞു, "ശരിയാണമ്മേ, ഞാൻ അമ്മയെ വിശുദ്ധയാക്കിത്തരാം. ഒരു രണ്ടു കോടി രൂപ തന്നാൽ മതി. ത്യാഗം അനുഭവിക്കുന്ന ഒരുപാട് സ്ത്രീകൾ വേറെയും ഉണ്ട്. അവരെയൊക്കെ വിശുദ്ധയാക്കിത്തരാം. പണം തന്നാൽ മതി. നാളെ ചിലപ്പോൾ ഇവർ എന്നെയും വിശുദ്ധയാക്കിക്കളയും. എന്നിട്ട് പോപ്പ് പറയും, സെയിന്റ് ജസ്മി ഞങ്ങൾ മാപ്പ് ചോദിക്കുന്നു എന്നൊക്കെ. കാരണം ജോനോപാർക്കിനെ വരെ പിന്നീട് വിശുദ്ധയായി പ്രഖ്യാപിച്ചില്ലേ."

**? സഭയുടെ കീഴിൽ നിരവധി കന്യാസ്ത്രീകളും അച്ചന്മാരുണ്ടെന്നു പറഞ്ഞല്ലോ. ഇവർ വഴിതെറ്റാൻ എന്താണു കാരണമെന്നാണ് സിസ്റ്ററുടെ അഭിപ്രായം?**

മനുഷ്യശക്തി അല്പം പോലും വിനിയോഗിക്കാൻ അറിയാത്തവരാണ് സഭാനേതൃത്വം. 35000 കന്യാസ്ത്രീകൾ ഉണ്ടത്രെ. 24 മണിക്കൂറും ജോലി ചെയ്യാൻ സന്നദ്ധതയുള്ളവർ. എന്തിനും തയ്യാറുള്ളവർ. ഇവരെല്ലാം കൂടി ശ്രമിച്ചാൽ ഇന്ന് കേരളം കീഴ്മേൽ മറിക്കാൻ സാധിക്കും. 35000 വേണ്ട 3500, അല്ല 350 പേരുണ്ടായാൽ മതി. 350 സ്ത്രീകൾ കല്ല്യാണവും വേണ്ട കുടുംബജീവിതവും വേണ്ട എന്ന് തീരുമാനിച്ച് ഇറങ്ങിയവർ മിനിമം ഭക്ഷണം, മിനിമം വസ്ത്രം, മിനിമം വിശ്രമം സഭയ്ക്കു വേണ്ടി ഉഴിഞ്ഞു വെച്ചവർ. എന്നിട്ടെന്താണ് ഇവിടെ സംഭവിക്കുന്നത്? അവരുടെ കഴിവുകളെ വിനിയോഗിക്കാതെ കേവലം പണമുണ്ടാക്കാനുള്ള മാധ്യമമായി മാത്രം അവരെ കാണുന്നു. എത്രയോ പേർ യു.ജി.സി. ശമ്പളം വാങ്ങുന്നവരുണ്ട്. ആലോചിച്ചു നോക്കൂ. കോടികളുടെ വരുമാനമാണ് ഉണ്ടാക്കുന്നത്. അതിനുപുറമെ പലരേയും വെട്ടിച്ചും കോഴവാങ്ങിയും കാശുണ്ടാക്കുന്നു. ഇന്ന് ഏറ്റവും വലിയ പൈസക്കാർ ഞങ്ങളാ. അതുകഴിഞ്ഞാൽ മാർക്സിസ്റ്റുകാരാണെന്നു കേൾക്കുന്നു. പിന്നെ മുസ്ലീങ്ങൾ. ഞങ്ങൾ ഉണ്ടാക്കിയത്ര ആരും ഉണ്ടാക്കിയിട്ടില്ല.

**?ഇന്ന് ഏറെ ചർച്ചയായിട്ടുള്ള ആൾദൈവ സങ്കൽപത്തെ സിസ്റ്റർ എങ്ങിനെ കാണുന്നു? വാഴ്ത്തപ്പെട്ടവരും വിശുദ്ധരുമൊക്കെ ഇത്തരം ഗണത്തിൽപ്പെടുന്നവരല്ലേ? മരണശേഷം ദൈവിക പരിവേഷം കിട്ടുന്ന വിശുദ്ധരെക്കുറിച്ച് സിസ്റ്ററുടെ അഭിപ്രായം എന്താണ്?**

ജീവിച്ചിരിക്കുന്നവരെ ദൈവങ്ങളായി സങ്കൽപിക്കുന്നത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. അത് മദർതെരേസയായാലും ശരി അമൃതാനന്ദമയിയായാലും ശരി. വിശുദ്ധരാക്കുന്ന പരിപാടിയ്ക്ക് പിന്നിൽ ഒരുപാട് തട്ടിപ്പുണ്ട്. പണമുണ്ടെങ്കിൽ ആരെയും വിശുദ്ധരാക്കാം. ഇന്ത്യയിലെ ആദ്യത്തെ വിശുദ്ധ എന്നു പറയുന്ന അൽഫോൻസാമ്മയുടെ കാര്യമെടുക്കുക. എന്താണ് അവരുടെ മേൻമ എന്നു ചോദിച്ചാൽ അവർ ഒരുപാട് സഹിച്ചു എന്നാണ് പറയുക. അവർക്ക് നിരവധി രോഗങ്ങളുണ്ടായിരുന്നു. അത് സഹിച്ചു. മഠത്തിനകത്തുള്ള കുറേ സഹപ്രവർത്തകരുടെ പീഡനം സഹിച്ചു. ആരാ അവരെ പീഡിപ്പിച്ചേ? കൂടെയുള്ള കന്യാസ്ത്രീകൾ. അല്ലാതെ പുറമെയുള്ള ക്രൂരന്മാർ ചാട്ടവാറടിച്ച് പീഡിപ്പിച്ചതല്ല. സ്വന്തം സഹപ്രവർത്തകരായ അകത്തെ ക്രൂരകളുടെ പീഡനമാണ് അവർ ഏറ്റുവാങ്ങിയത്. മറ്റുള്ളവർക്ക് വേണ്ടി ഒരു സേവനവും അവർ ചെയ്തിട്ടില്ല. മറ്റുള്ളവരുടെ കാലിൽ തറക്കാതിരിക്കാൻ താഴെ വീണ ഒരു മൊട്ടുസൂചിപോലും പെറുക്കി മാറ്റാത്ത സ്ത്രീയായിരുന്നു ഭാരതത്തിലെ ആദ്യ വിശുദ്ധ. പിന്നെ അസുഖം മാറ്റി എന്ന് സാക്ഷി പറയുന്നതും അത്ഭുതങ്ങൾ സംഭവിപ്പിച്ചു

എന്നു പറയുന്നതുമൊക്കെ വേറെ തലമാണ്. അത് മനസ്സിന്റെ ശക്തിയാണ്. മനസ്സിനെ ഏകാഗ്രമാക്കിയാൽ നമുക്ക് പലതും നേടിയെടുക്കാൻ സാധിക്കും. മനസ്സിനെ ശക്തിപ്പെടുത്തി വിശ്വസിപ്പിച്ചാൽ ഈശോയെ വിചാരിച്ചാൽ മാത്രമല്ല ചെകുത്താനെ വിചാരിച്ചാലും അത്ഭുതങ്ങൾ സംഭവിക്കും. ഇപ്പോ വിശുദ്ധയായി പ്രഖ്യാപിച്ച എവുപ്രാസ്യമ്മയുടെ കാര്യം. ഒരു കുട്ടിയുടെ ക്യാൻസർ പ്രാർത്ഥനയുടെ ഫലമായി മാറ്റി എന്നാണ് പറയുന്നത്. ഞാൻ ചോദിക്കുന്നത്, മാറി എന്നു പറയുന്നു ഈ അസുഖം വീണ്ടും വന്നാലോ? വരില്ലെന്ന് പറയാൻ സാധിക്കുമോ? എന്തൊക്കെ അസുഖങ്ങൾ തിരിച്ചുവരുന്നു. അപ്പോൾ എന്തുചെയ്യും? അത് ഒതുക്കിത്തീർക്കും. ആ കുട്ടിയോട് പറയും ആരോടും മിണ്ടരുതെന്ന്. നവംബർ 8നോ മറ്റോ ആ കുട്ടി റോമിലേക്ക് പോകുകയാണ്. അതുപോലെ കളവു പറയുന്ന സന്ദർഭങ്ങളുമുണ്ട്. എന്റെ ഒരു അനുഭവം പറയാം. ഞങ്ങളുടെ അടുത്ത് ഒരു ചേട്ടത്തി ഉണ്ട്. മറ്റുള്ളവർ തന്നെ ശ്രദ്ധിക്കണമെന്ന് ആഗ്രഹമുള്ളവരാണ്. അവർ ഒരു ധ്യാനത്തിന് വന്നപ്പോൾ പ്രാർത്ഥനക്ക് ശേഷം സൗഖ്യം കിട്ടിയവർ കൈപൊക്കാൻ പറഞ്ഞു. അവർ കൈപൊക്കി. അവരെ സ്റ്റേജിലേക്കുവിളിച്ചു. എന്താ സംഭവിച്ചത് എന്ന് ചോദിച്ചു. ശരീരത്തിന്റെ വലതുഭാഗത്ത് എന്തോ ഒരു വേദനയുണ്ടായിരുന്നു എന്നും ഒരു പ്രകാശഗോളം വന്ന് ഇവിടെ തട്ടിയപ്പോൾ ആ വേദന ഇല്ലാതായി എന്നും പറഞ്ഞു. എല്ലാവരും കൈയ്യടിച്ചു. ഫാദർ വന്ന് കെട്ടിപ്പിടിച്ചു. ഇതെല്ലാം കഴിഞ്ഞ് മഠത്തിലെത്തിയപ്പോൾ ഞങ്ങൾ ചോദിച്ചു, 'ചേട്ടത്തീ ശരിക്കും എന്താണ് ഉണ്ടായത്?' 'ഞാൻ ചുമ്മാ പറഞ്ഞതാണ്' എന്ന് അവർ പറഞ്ഞു. മറ്റുള്ളവരുടെ ശ്രദ്ധ നേടാനും അംഗീകാരം കിട്ടാനുമുള്ള ഒരാഗ്രഹം. എന്നാൽ ചിലപ്പോൾ ഇങ്ങനെയുള്ള അന്തരീക്ഷത്തിൽ അത്ഭുതങ്ങൾ സംഭവിക്കും. മനസ്സിന്റെ ശക്തി അപാരമാണ്. ചിന്തകളെല്ലാം പോസിറ്റീവ് ആക്കി മാറ്റുകയാണ് അവിടെ ചെയ്യുന്നത്. ഇത് ഒറ്റയ്ക്കിരുന്ന് ചെയ്യാവുന്നതേയുള്ളൂ. ഒരു പള്ളിയിലും ധ്യാനത്തിനും പോകേണ്ട.

**?ജീവിച്ചിരിക്കുമ്പോൾ പീഡനത്തിനിരയാക്കുകയും മരിച്ചതിനുശേഷം വിശുദ്ധരാക്കപ്പെടുകയും ചെയ്തവർ സഭയിലുണ്ട് എന്നാണോ സിസ്റ്റർ പറയുന്നത്?**

എത്രയോ പേരുണ്ട്. ഞാൻ പറഞ്ഞില്ലേ ഇന്ത്യയിലെ ആദ്യ വിശുദ്ധ അൽഫോൻസമ്മ തന്നെ അങ്ങിനെയാണ്. കിഡ്നി ദാനം ചെയ്ത അച്ചനെതിരെ സഭ ശിക്ഷാ നടപടികൾ എടുക്കാൻ മുതിർന്നതാണ്. മാധ്യമങ്ങളാണ് അദ്ദേഹത്തെ രക്ഷപ്പെടുത്തിയത്. യഥാർത്ഥത്തിൽ അവയവദാനത്തെ നമ്മുടെ മതം പിന്തുണക്കുന്നില്ല. എത്രായിരം സിസ്റ്റർമാരും അച്ചന്മാരും ഉണ്ട്. മരണശേഷം അവരുടെ അവയവങ്ങൾ ദാനം ചെയ്യുകയും ശരീരം മെഡിക്കൽകോളേജിലെ കുട്ടികൾക്ക് പഠിക്കാൻ നൽകുകയും ചെയ്തുകൂടേ? മനുഷ്യർക്ക് ഗുണമുണ്ടാകുന്ന ഒന്നും ചെയ്തുകൂടെന്നത് സഭയുടെ നിർബ്ബന്ധമാണ്.

**? സ്നേഹത്തിന്റെ മാലാഖമാരായാണ് കന്യാസ്ത്രീകളെ ഒരുകാലത്ത് കരുതപ്പെട്ടിരുന്നത്. എന്നാൽ ഇന്നവർ ക്രൂരതയുടെ പര്യായമായി മാറുന്നു എന്നല്ലേ പലഭാഗങ്ങളിൽ നിന്നും വരുന്ന വാർത്തകൾ സൂചിപ്പിക്കുന്നത്?**

തീർച്ചയായും, എല്ലാവരും കെട്ടിയിടപ്പെട്ടിരിക്കുകയാണ്. കെട്ടിക്കിടക്കുന്ന ജലം മലിനമാകുമല്ലോ. എല്ലാവരുടേയും മനസ്സ് മലിനമാണ്. ഒന്നാമത് 99% വും കന്യാസ്ത്രീയാകാൻ ഇഷ്ടപ്പെട്ട് വരുന്നവരല്ല. ഒരു ശതമാനം മാത്രമാണ് അങ്ങിനെ വരുന്നത്. കന്യാസ്ത്രീകൾ അവരുടെ വികാരങ്ങൾ അടിച്ചമർത്തുകയാണ്. ലൈംഗികത, മാനുഷികമായ ആഗ്രഹങ്ങൾ, സിനിമ, പാട്ട്, ഡാൻസ് തുടങ്ങിയ വിനോദോപാധികൾ ആസ്വദിക്കാനുള്ള താല്പര്യം എല്ലാം അടിച്ചമർത്തുന്നു. ഇതെല്ലാം ഏതെങ്കിലും വഴിയിൽ പുറത്തുചാടേണ്ടേ. അസൂയ, കുശുമ്പ്, വിദ്വേഷം ഇവയെല്ലാം കൊണ്ട് മനസ്സ് അശുദ്ധമാക്കപ്പെട്ടിരിക്കുന്നു. 15 വർഷമായി പരസ്പരം മിണ്ടാതെ നടക്കുന്ന രണ്ട് സിസ്റ്റർമാർ സെന്റ് മേരീസ് കോളേജിൽ ഉണ്ടായിരുന്നു. പല കന്യാസ്ത്രീമഠങ്ങളിലും സിസ്റ്റർമാർ തമ്മിൽ പൊരിഞ്ഞ അടിയാണ്. തല്ലുണ്ടാക്കുക, ബഹളം വെക്കുക, സാധനങ്ങൾ വലിച്ചെറിയുക തുടങ്ങി എന്തെല്ലാം വൈകൃതങ്ങൾ അവിടെ നടക്കുന്നു. പ്രാർത്ഥനാ സമയത്തുപോലും കണ്ടുകൂടാത്തവരുണ്ട്. തെറിവിളിക്കുന്നവരുണ്ട്. ഇവരുടെ ഒരു പ്രധാന പരിപാടി എല്ലാ സ്ഥലത്തും ധ്യാനം കൂടാൻ പോകുക എന്നതാണ്. എന്നിട്ടും മനസ്സ് ശുദ്ധമാകുന്നില്ല. 99 ശതമാനം പേരും വെറുതെ ഉടുപ്പിട്ട് നടക്കുകയാണ്. ഞങ്ങളുടെ കൂടെ കോളേജിൽ ജോലി ചെയ്യുന്ന കന്യാസ്ത്രീകളല്ലാത്തവർ പറയും, ഈ ധ്യാനമൊന്നുമില്ലാതെ തന്നെ ഞങ്ങൾ സമാധാനമായി ജീവിച്ചു പോകുന്നുണ്ട്. പിന്നെ നിങ്ങൾ എന്താണ് ഇങ്ങനെ? ഞാൻ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. അഭയകേസിലെ പ്രതി സിസ്റ്റർ സ്റ്റെഫി സഭയ്ക്കകത്ത്. ശുദ്ധമായ സന്ന്യാസ ജീവിതം നയിക്കുന്ന സിസ്റ്റർ ജസ്മി സഭയ്ക്ക് പുറത്ത്. എന്തൊരു വിരോധാഭാസമാണ് ഇത്. സിസ്റ്റർ സ്റ്റെഫി ജയിലിൽ നിന്ന് ജാമ്യം കിട്ടി പുറത്തുവന്നപ്പോൾ പല സ്ഥലത്തും ലഡു വിതരണം ചെയ്തു. സിസ്റ്റർ സ്റ്റെഫിയെ ചിലപ്പോൾ നാളെ വിശുദ്ധയാക്കി പ്രഖ്യാപിച്ചേക്കും. ഇത്രയും കഷ്ടപ്പാടുകൾ സഹിച്ചതിന്. ഇതാണ് സഭയുടെ ഇന്നത്തെ നിലവാരം. ദൈവം എന്നെ രക്ഷിച്ചതാണ്. ഞാൻ മഠത്തിനകത്ത് തന്നെ ഉണ്ടായിരുന്നെങ്കിൽ ചിലപ്പോൾ മറ്റൊരു അഭയയാകുമായിരുന്നു. എന്നാൽ അടുത്ത ജന്മത്തിൽ നിങ്ങൾക്കാരാകണം

എന്നു ചോദിച്ചാൽ ഞാൻ പറയും ഒരു സന്യാസിനി തന്നെ ആകണം എന്ന്. കാരണം ഞാൻ അത് ഇഷ്ട പ്പെടുന്നു.

**ധ്യാനകേന്ദ്രങ്ങളുടെ മറവിൽ നടക്കുന്ന പൗരോഹിത്യ തട്ടിപ്പുകളെ എങ്ങിനെ കാണുന്നു? പോട്ട പോലുള്ള ധ്യാനകേന്ദ്രത്തിൽ നടക്കുന്ന നിയമവിരുദ്ധ മനുഷ്യാവകാശ ലംഘനങ്ങൾ, വിശ്വാസവഞ്ചനയും ചൂഷണവും, മയക്കുമ രുന്നിന്റേയും നിരോധിത മരുന്നിന്റേയും ഉപയോ ഗങ്ങൾ, മരണങ്ങൾ ഇത്തരം ആരോപണ ങ്ങളെക്കുറിച്ച് എന്താണ് സിസ്റ്ററുടെ അഭിപ്രായം? എന്തുകൊണ്ട് ഭരണകൂടം നടപടി എടുക്കാൻ ധൈര്യം കാട്ടുന്നില്ല?**

ഞാനും അതുതന്നെയാണ് ചോദിക്കുന്നത്. എന്തുകൊണ്ട് അവരെ തൊടാൻ സാധിക്കുന്നില്ല? എന്നെയും മാനസിക രോഗി എന്നു മുദ്രകുത്തി അവിടെ കൊണ്ടുപോകാൻ ശ്രമിച്ചിരുന്നു. അവിടെ പോയിരുന്നെങ്കിൽ മരണം വരെ അബോധാവസ്ഥ യിൽ ജീവിച്ചേനേ. പോട്ടയിൽ കൊണ്ടുപോകുന്നു എന്നറിഞ്ഞപ്പോൾ അതുവരെ എന്റെ വിഷയത്തിൽ ഇടപെടാതിരുന്ന എന്റെ വീട്ടുകാർ ഇളകി. പോട്ട യിൽ വിടാൻ അവർ അനുവദിച്ചില്ല. എന്റെ ചേച്ചി അവിടെ പോയിട്ടുള്ള അനുഭവം എനിക്കും അവർക്കും അറിയാമല്ലോ. അവിടെ ധ്യാനത്തിനു പോയ എന്റെ ചേച്ചിയെ അവർ കെട്ടിയിടുകയും പീഡിപ്പിക്കുകയും ചെയ്തു. അത് അവൾക്ക് വലിയ മെന്റൽഷോക്കായി. പിന്നീട് ചേച്ചിയെ ഓട്ടോറിക്ഷ യിൽ കയറ്റിവിടുകയാണു ചെയ്തത്. കെട്ടിയിട്ട് എത്രപേർ ഉപയോഗിച്ചുവെന്ന് ദൈവത്തിനറിയാം. ചേച്ചി ഒരു സെക്സി ബോഡിയാണ്. ഒരു വിശു ദ്ധൻ പോലും നിന്റെ അടുക്കൽ അഞ്ചുമിനുട്ടിൽ കൂടുതൽ പാപചിന്തയില്ലാതെ ഇരിക്കില്ല എന്നാണ് മറ്റൊരു വിശുദ്ധനച്ചൻ ചേച്ചിയോട് പറഞ്ഞത്. ആ ചേച്ചിക്ക് പോട്ടയിൽ എന്തു സംഭവിച്ചിരിക്കും? സംഭ വമറിഞ്ഞ് ചേച്ചിയുടെ ഭർത്താവ് കൂട്ടുകാരേയും കൂട്ടി രാത്രിക്കുരാത്രി അവിടെ പോയി അവിടുത്തെ ഫാദറായ പനയ്ക്കലച്ചന്റെ കോളറിനു പിടിച്ച് പുറ ത്തുകൊണ്ടുവന്ന് 'എന്റെ ഭാര്യയെ എത്രപേർ ഉപ യോഗിച്ചു എന്ന് എനിക്ക് ഇപ്പോഴറിയണം' എന്നു പറഞ്ഞ് ബഹളം വെച്ചിരുന്നു. മറ്റൊരു സംഭവം, എനിക്ക് അറിയാവുന്ന ഒരു സിസ്റ്ററിന്റെ കൂടെ പോട്ട യിൽ ധ്യാനം കൂടാൻ പോയ നാല് പെൺകുട്ടിക ളുടെ അനുഭവം അവർ എന്നോടു പറഞ്ഞിരുന്നു. ഒരു ദിവസം രാത്രി എന്തോ ആവശ്യത്തിന് എഴു ന്നേറ്റ് പെൺകുട്ടികളുടെ മുറിയിൽ പോയി നോക്കി യപ്പോൾ അവരെ അവിടെ കണ്ടില്ല. താഴത്തെ മുറി യിൽ നോക്കിയപ്പോൾ നാലും പൂർണ്ണ നഗ്നരായി കിടക്കുന്നു. എല്ലാ കാര്യവും കഴിഞ്ഞതായി മനസ്സി ലായി. അവരെ ചോദ്യം ചെയ്തപ്പോൾ കുറേ ദിവ സമായി ഇത് പതിവായി നടക്കുന്നതാണെന്ന് അവർ സമ്മതിച്ചു. പല രാത്രികളിലും ആരൊക്കെയോ അവരെ ഉപയോഗിക്കുന്നുണ്ട്. ഇതൊക്കെയാണ് ധ്യാനകേന്ദ്രങ്ങളിൽ നടക്കുന്ന കാര്യം. തെറ്റായി ഈ ലോകത്ത് എന്തൊക്കെയുണ്ടോ അതൊക്കെ അവിടെ ഉണ്ട്. അവിടെ നിന്നും രക്ഷപ്പെട്ട നേരനു ഭവമുള്ള നിരവധിപേർ എന്നോടു തുറന്നു പറഞ്ഞി ട്ടുണ്ട്. എത്രയോ കൊലപാതകങ്ങൾ പോലും അവിടെ നടന്നിട്ടുണ്ട്.

**? സഭ പീഡിപ്പിക്കുന്നവരുടേയും ചൂഷണം ചെയ്യുന്നവരുടേയും ഭാഗത്താണ് നിൽക്കുന്നത് എന്നാണല്ലോ സിസ്റ്റർ അഭയയുടെ കാര്യത്തിലാ യാലും പ്രൊഫ. ജോസഫിന്റെ കാര്യത്തി ലായാലും സിസ്റ്റർ ജസ്മിയുടെ കാര്യത്തിലാ യാലും മനസ്സിലാക്കേണ്ടത്?**

സഭയ്ക്കുള്ളിൽ അവർ വേറൊരു ലോകം സൃഷ്ടിച്ചുവച്ചിരിക്കുകയാണ്. ഒരു കൃത്രിമലോകം. അതു പറയാനാണ് ഞാൻ അതിൽ നിന്നും പുറ ത്തുവന്നിരിക്കുന്നത്. നിങ്ങളൊന്നും കാണുന്ന കാഴ്ചയല്ല അവർ കാണുന്നത്. ഒരു പത്രം വായി ക്കുമ്പോൾ അവർ മനസ്സിലാക്കുന്നത് നമ്മളൊന്നും മനസ്സിലാക്കുന്നതല്ല. അടിമുടി വ്യത്യസ്തമാണ്. അഭ യകേസിൽ അഭയയാണ് തെറ്റ് ചെയ്തതെന്നും അവർ കിണറ്റിൽ ചാടിയതാണെന്നും അതിലെ 99 ശതമാനം ആൾക്കാരും ഇന്നും വിശ്വസിക്കുന്നു. അമേരിക്കയിൽ നിന്നും ഒരു വയസ്സനച്ചൻ ഒരിക്കൽ എന്നെ ഫോൺ വിളിച്ച് പറഞ്ഞു. 'സിസ്റ്ററേ, അവൾ ചീത്ത പെണ്ണാണ്. അവൾ പരപുരുഷന്മാരുമായി ബന്ധപ്പെട്ട് ഗർഭിണിയായി കിണറ്റിൽ ചാടിയതാണ്. സിസ്റ്റർ മറ്റുള്ളവർ പറയുന്ന കഥയൊന്നും വിശ്വ സിക്കരുത്.' – ഇതാണ് അവസ്ഥ. അവർക്കാർക്കും പുറത്തെ വെളിച്ചം കിട്ടിയിട്ടില്ല. എനിക്ക് എങ്ങനെ കിട്ടി എന്നു വച്ചാൽ, ഇംഗ്ലീഷ് അധ്യാപികയായതു കൊണ്ട് നിരവധി തവണ എനിയ്ക്ക് പുറത്ത് ചർച്ചയ്ക്കും മറ്റും പോകേണ്ടി വന്നിട്ടുണ്ട്. അങ്ങ നെയൊരിക്കൽ ധാർവാർഡിൽ ഒരു സെമിനാറിൽ പങ്കെടുക്കാൻ പോയപ്പോൾ അവിടുന്ന് ഒരു സ്ത്രീ ചോദിച്ചു, സിസ്റ്ററേ, കുന്തിയും നമ്മുടെ മാതാവും (യേശുവിന്റെ അമ്മ) തമ്മിൽ എന്താണ് വ്യത്യാസം? ഞാൻ ചിന്തിച്ചു, കുന്തിദേവി വെറുമൊരു സാധാ രണ കഥാപാത്രം. ഒരു ഫിക്ഷണൽ ക്യാരക്ടർ. എന്നാൽ മാതാവ്....! ഹൊ– നമ്മുടെ മാതാവ്....! അവർ വീണ്ടും പറഞ്ഞു, കുന്തിദേവി സൂര്യനെ ക്കൊണ്ട് ചെവിയിലൂടെ ഗർഭം ധരിച്ചു. മാതാവ് പരി ശുദ്ധാത്മാവിൽ നിന്ന് ഗർഭം ധരിച്ച് ജീസസിനെ പ്രസവിച്ചു. എന്താണ് വ്യത്യാസം? 'എനിക്ക് ഒന്നും പറയാനില്ല, ഞാൻ വിശദീകരിക്കാൻ ആളല്ല' എന്നു പറഞ്ഞ് ഒഴിഞ്ഞുമാറി. എന്നാൽ അത് എന്നെ ചിന്തി പ്പിച്ചു. ഞാൻ എങ്ങനെ പറയും മാതാവാണ് ശരി കുന്തിദേവി ശരിയല്ലെന്ന്? കുറച്ചുനാൾ മുമ്പ് കോട്ട യത്തു നിന്ന് ഒരു അച്ചൻ പറഞ്ഞു. യേശുക്രിസ്തു

ദൈവമല്ല വെറും മനുഷ്യനാണെന്ന്. അതൊരു ഷോക്കായിരുന്നു. ഞാൻ അദ്ദേഹത്തെ നേരിട്ട് കണ്ടു സംസാരിച്ചു. ക്രിസ്റ്റോളജിയിൽ ഡോക്ടറേറ്റ് എടുത്ത ഫാദർ ജയിംസ് ഗുരുദാസ് സി.എം.ഐ. ആയിരുന്നു ആ വ്യക്തി. അദ്ദേഹം കുർബാന ചൊല്ലാറില്ല. അതിനെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. 'എന്റെ സിസ്റ്ററേ, കുർബാനയൊക്കെ ഞങ്ങൾ തട്ടിക്കൂട്ടി ഉണ്ടാക്കിയ ഒരു ജാടയല്ലേ' ഞാൻ അതിശയപ്പെട്ടു. അദ്ദേഹത്തെ എന്തുകൊണ്ട് മേലധികാരികൾ ചോദ്യം ചെയ്യുന്നില്ല എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് 'അവർക്കൊക്കെ ഇതറിയാം. ഞാൻ ക്രിസ്റ്റോളജിയിൽ ഡോക്ടറേറ്റ് എടുത്ത ആളാ. എന്നെ പഠിപ്പിക്കാൻ അവർക്കു പറ്റുമോ?' ഇതാണ് സത്യം. നമ്മുടെ മനസ്സിലുള്ള ഓരോ വിഗ്രഹങ്ങൾ തകർന്നുകൊണ്ടിരിക്കുന്നു. ഒരു ബിഷപ്പ് എന്നെക്കുറിച്ച് പറഞ്ഞുവത്രെ, എന്റെ കല്ല്യാണം കഴിഞ്ഞൂന്ന്. അയാളുടെ കയ്യിൽ വ്യക്തമായ തെളിവ് ഉണ്ടത്രെ. മറ്റൊരു ബിഷപ്പ് പറഞ്ഞതായി അറിഞ്ഞു, ഞാൻ അന്യപുരുഷന്മാരുമായി ലൈംഗികബന്ധം ആസ്വദിക്കുകയാണ്; അതുകൊണ്ടാണ് കല്ല്യാണം കഴിക്കാത്തത് എന്ന്. ഒരു ബിഷപ്പാണ് പറയുന്നതെന്നോർക്കണം. ആ ബിഷപ്പിന് ചിന്തിക്കാൻ സാധിക്കുന്നുണ്ടാവില്ല ലൈംഗികബന്ധം ഇല്ലാതെയും ജീവിക്കാൻ പറ്റും എന്നത്. വൈദികർക്കും ബിഷപ്പിനും അത് സാധിക്കുന്നുണ്ടാകില്ല. എനിക്ക് സാധിക്കും. അതിലവർക്ക് അസൂയയുണ്ടാകും. ഞാൻ അദ്ദേഹത്തോട് പറയാൻ പറഞ്ഞു, അകത്തുള്ള കന്യാസ്ത്രീകളിൽ എത്ര പേർക്ക് കന്യകാത്വം ഉണ്ടെന്ന് നോക്കാൻ. അവരോടെങ്കിലും ബ്രഹ്മചര്യം അനുഷ്ഠിക്കാൻ പറയൂ. എന്നിട്ട് മതി എന്റെ കാര്യം നോക്കാൻ. അതിന്നവർക്ക് സാധിക്കില്ല.

പ്രൊഫസർ ജോസഫിന്റെ കാര്യം നോക്കൂ. ആരാണ് യഥാർത്ഥ തീവ്രവാദികൾ? കൈവെട്ടിയവരോ, കൈവെട്ടപ്പെട്ട ജോസഫിന്റെ ജോലി കളഞ്ഞവരോ? രണ്ടാമത്തെവിഭാഗമാണ് ഭീകരർ എന്ന് ഞാൻ പറയും. വേദനിക്കുന്നവരെ വീണ്ടും വേദനിപ്പിക്കുന്നവർ.

**? ഇന്ന് ഓരോ ക്രിസ്ത്യൻ സഭയ്ക്കും കോടാനുകോടി സ്വത്തുക്കളുണ്ട്. എങ്കിലും അവർ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലക്ഷങ്ങൾ കോഴവാങ്ങുന്നു. സഭകൾ വെറും ബിസിനസ് സ്ഥാപനങ്ങൾ മാത്രമായി അധഃപതിക്കുകയല്ലേ?**

ശരിയാണ്. അവിടെ നിന്നും എപ്പോഴോ ദൈവം ഇറങ്ങിപ്പോയി. എല്ലാ അഴിമതിയും തോന്ന്യവാസങ്ങളും നടക്കുന്ന കേന്ദ്രമായി അത് മാറി. എന്നാണ് ആത്യന്തിക ലക്ഷ്യമെന്നും എന്തിനുവേണ്ടിയാണ് ഇതൊക്കെ തുടങ്ങിയതെന്നും മറന്നുപോയി. എല്ലായിടത്തും ഇരുട്ട് പടരുന്നുണ്ടെങ്കിലും മനസ്സു പറയുന്നു, എവിടെയൊക്കെയോ വിളക്കുകൾ കത്തുന്നുണ്ട്. മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം ആയാലും അത് വെട്ടം തന്നെയാണ്.

**? വിശുദ്ധബൈബിൾ നഗരചത്വരങ്ങളിൽ നടക്കുന്ന എല്ലാ ആരാധനകളേയും തള്ളിപ്പറയുന്നുണ്ട്. പരസ്യ ആരാധനയിലൂടെ ശക്തിപ്രകടനത്തിന്റെ തലത്തിലേക്ക് ക്രിസ്തീയ സഭ അതിന്റെ സമ്പ്രദായങ്ങളെ മാറ്റുന്നു എന്നു പറഞ്ഞാൽ നിഷേധിക്കുമോ?**

അതാണ് പണ്ട് പരിസേയർ ചെയ്തുകൊണ്ടിരുന്നേ. വലിയ തൊങ്ങലുകളിട്ട് എല്ലാസ്ഥലത്തും ദൈവവചനം എഴുതിവെക്കും. പരസ്യമായി നിന്ന് പ്രാർത്ഥിക്കും. അവരോടാണ് ഈശോ പറഞ്ഞത്, പരിസേയരേ നിങ്ങൾക്ക് ദുരിതം. നിങ്ങളേക്കാൾ വേഗം വേശ്യകളും ചുങ്കക്കാരും സ്വർഗ്ഗത്തിലെത്തും. ഇതൊക്കെ അന്നത്തെക്കാലത്ത് ഭയങ്കര വരികളല്ലേ. അന്ന് അവരുടെ മുഖത്തു നോക്കി പറഞ്ഞത് ഇന്ന് ഈ സഭകളുടെ മേലാളന്മാരോട് പറയേണ്ടതാണ്. ബൈബിളിൽ പറഞ്ഞതിൽ നിന്ന് നേരെ വിരുദ്ധമായി ജീവിക്കുകയും ബൈബിൾ വചനങ്ങൾ ആവർത്തിച്ച് ഉരുവിട്ടുകൊണ്ടേയിരിക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ ജീസസ് ഒരു ക്രിസ്താനിയായിരുന്നില്ല. യഹൂദനായിരുന്നു. യഹൂദനായി ജനിച്ചു, യഹൂദനായി ജീവിച്ചു. യഹൂദനായി മരിച്ചു. ജീസസ് ക്രിസ്തുമതം സ്ഥാപിച്ചിട്ടില്ല. ജീസസ് ഒരു വഴികാണിച്ചു തന്നു, യഹൂദമതം നവീകരിക്കാനുള്ള വഴി.

**? സിസ്റ്ററുടേത് ഒരു ഒറ്റയാൾ പോരാട്ടമാണോ? അതോ സമാന മനസ്കരുടെ സഹകരണമോ പിന്തുണയോ ഉണ്ടോ?**

അതെ ഒറ്റയാൾ പോരാട്ടം തന്നെ. എനിക്ക് ചിലപ്പോൾ തോന്നും റിബലുകൾ ഒറ്റയ്ക്കു നിൽക്കുന്നതാണ് നല്ലത് എന്ന്. അവർ ഒരു ഗ്രൂപ്പായാൽ ശരിയാവില്ല. ചില പ്രത്യേക സന്ദർഭങ്ങളിൽ പ്രത്യേക ആവശ്യങ്ങൾക്ക് ഒന്നിച്ചുചേരാം. രണ്ടു റിബലുകൾ ഒന്നിച്ചു നിൽക്കാൻ ബുദ്ധിമുട്ടാണ്. എന്റെ മേഖല എഴുത്തിന്റേതാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. അത് ആത്മസംതൃപ്തിക്കല്ല. വെളിച്ചം കൊടുക്കാനാണ്. മതത്തിന്റെ മാർഗ്ഗമല്ല. അതിലും എത്രയോ ഉയർന്ന മനുഷ്യത്വത്തിന്റെ മാർഗ്ഗമാണ് ഞാൻ സ്വീകരിച്ചിരിക്കുന്നത്.